# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: പ്രേംകുമാർ വി.ആർ ഐ.എ.എസ്)

തിരുവനന്തപുരം.

ഉത്തരവ് നം. ഇ5-2360/2019 തീയതി.11.08.2019.

---

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - സംസ്ഥാനത്തെ വെള്ളപ്പൊക്കത്തെ തുടർന്നുള്ള ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിന് ഡയറക്ടറേറ്റിലെ ജീവനക്കാർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. സർക്കാർ ഉത്തരവ് നം.(സാധാ)4751/2019/പൊ.ഭ.വ തീയതി.09.08.2019.
2. സാ.നീ.വ അഡീഷണൽ ഡയറക്ടർ(I/C) ന്റെ 10.08.2019 ലെ മേലെഴുത്ത് നം. 8875/19/സാ.നീ.വ.
3. സാമൂഹ്യനീതിഡയറക്ടറുടെ 10.08.2019 ലെ എഫ്1/8875/19/എസ്.ജെ.ഡി നം. ഉത്തരവ്.

സംസ്ഥാനത്തുണ്ടായ കനത്ത വെള്ളപ്പൊക്കത്തെ തുടർന്ന് ദുരന്തനിവാരണ പ്രവർത്തനങ്ങൾ തടസ്സമില്ലാതെ നടത്തുന്നതിന് 2019 ആഗസ്റ്റ് മാസം 10,11,12 തീയതികളിൽ എല്ലാ ഉദ്യോഗസ്ഥരും ഓഫീസിൽ ഹാജരാകണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള കാര്യാലയങ്ങളിൽ നിന്നും ദുരന്തനിവാരണത്തിനുള്ള ജില്ലാതല പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് പരാമർശം 2-ഉം, 3-ഉം പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സാമൂഹ്യനീതി ഡയറക്ടറേറ്റിലെ ജീവനക്കാർ ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനായി ടി അവധി ദിവസങ്ങളിൽ ഡയറക്ടറേറ്റിൽ ഹാജരാകേണ്ടതും, അഡീഷണൽ ഡയറക്ടർ(I/C) ന്റെ നിർദ്ദേശങ്ങൾ പാലിച്ച് ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ വീഴ്ച കൂടാതെ പങ്കെടുക്കുന്നതിനും കർശന നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

**സാമൂഹ്യനീതി ഡയറക്ടർ**

ഡയറക്ടറേറ്റിലെ എല്ലാ ജീവനക്കാർക്കും.

പകർപ്പ്:-
1. സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് (ആമുഖ കത്ത് സഹിതം)
2. അഡീഷണൽ ഡയറക്ടർ(I/C)
3. സീനിയർ ഫിനാൻസ് ഓഫീസർ
4. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
5. ലോ ഓഫീസർ
6. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും.
7. ഡയറക്ടറുടെ സി.എ
8. സ്പെയർ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

Scanned by CamScanner